അക്ഷര

പബ്ലിക് ലൈബ്രറി .ONLINE

കണിച്ചുകുളം



K. RAJAN
MINISTER FOR REVENUE & HOUSING
GOVERNMENT OF KERALA

THIRUVANANTHAPURAM

Dated.....
29.07.2021



സന്ദേശം

കണിച്ചുകുളം കേന്ദ്രമായി പ്രവർത്തിക്കുന്ന അക്ഷര ലൈബ്രറിയുടെ നേതൃത്വത്തിൽ ആരംഭിച്ച അക്ഷര ഡിജിറ്റൽ ത്രൈമാസിക പ്രസിദ്ധീകരണത്തിന്റെ ഒരു വർഷം പൂർത്തീകരിക്കുന്നു എന്നതിലുള്ള സന്തോഷം അറിയിക്കട്ടെ.

വിജ്ഞാനത്തിന്റേയും വിനോദത്തിന്റേയും കേന്ദ്രമായ ഗ്രന്ഥാലയങ്ങൾ ഒരു നാടിന്റെ തിരുമുറ്റത്ത് കത്തിച്ചുവെച്ച കെടാവിളക്കാണ്. നാടിന്റെ നന്മകൾക്കുമേൽ ഇരുൾ പടർത്താൻ ശ്രമിക്കുന്നവർക്കെതിരെ പ്രതിരോധം തീർക്കാൻ ഗ്രന്ഥശാലാ പ്രവർത്തകർക്ക് കഴിയണം. അതിന് ഗ്രന്ഥശാലാ പ്രവർത്തനം സർഗാത്മകമാകണം.

നാട്ടിലെ പ്രതിഭകളെ എഴുത്തിന്റെ വഴിയിലേക്ക് നയിക്കാൻ അക്ഷര ഡിജിറ്റൽ ത്രൈമാസികക്ക് രൂപം നൽകിയ ഗ്രന്ഥശാലാ പ്രവർത്തകർക്ക് എന്റെ ഹൃദയാശംസകൾ..

കെ രാജൻ

Phone-Office : 0471-2333670, 2327068 Res. : 0471-2314435, 2314436 Mobile : 9400006300
E-mail : min.rev@kerala.gov.in

കഥ ജോസ് പാത്താമുട്ടം

ആരാന്റെ അമ്മ

" ഡാ.... സാബുവേ...."

" ഓ.... സൂബുവേ....സൂ
ബുവേ.... ഈ അമ്മയ്ക്കെ
ന്നാ....?"

"ഡാ.... ഇങ്ങോട്ട് വരാൻ.
നീ, ഇതെന്നകാണാനാ...
ഓടുന്നത്.....?"

"പിന്നെ ഈ കണ്ട ആൾ ക്കാരൊക്കെ ഓടുന്നത് അ
മ്മ കാണുന്നില്ലേ? ഇത്രയും നേരം ആ മതിലിനു മുകളിലൂടെ അമ്മയും എത്തി നോക്കി നിൽക്കുന്നത് ഞാൻ കണ്ടതാണ്.എന്നിട്ടു പെട്ടെന്നൊരു വിളി. സൂബു വേ....കുബുവേ."

"ഡാ.... ഇങ്ങോട്ട് വരാൻ ഇല്ലേ,അപ്പൻ വരുമ്പോൾ ഞാൻ പറഞ്ഞു കൊടുക്കും".

"അമ്മന്നു പൊമ്മേ..., അപ്പൻ ദാണ്ടേ....എന്റെ മുന്നേ ഓടുന്നു ".

"അപ്പം,അപ്പനിന്ന് വേലയ്ക്കും പണിക്കും ഒന്നും പോയില്ലേ? ങ്ങാ....ന്നാ മുന്നേക്കേറിയുള്ള ഓട്ട
വും കഴിഞ്ഞ്ങ്ങു, വരട്ടെ
തിന്നാൻ.... ഡാ,സാബുവേ
നീ ഇങ്ങോട്ട് പോര്.ഒരു വീട്ടിൽ നിന്ന് ആരെങ്കിലും ഒരാൾ മതി ഓടാൻ.

അമ്മപൊമ്മേ...., അ മ്മേടെ ഒരുപുളിച്ച കോമഡി.ദേണ്ടേ അപ്പുറത്തെ വീട്ടിലെ സണ്ണിച്ചായനും ഭാര്യയും മൂന്നു പിള്ളേരും
കൂടാ ഓടുന്നെ. സണ്ണിച്ചായന്റെ മേലാത്ത അമ്മയും ഉണ്ട് ഓടാൻ".

"ഡാ.... എന്നാ കാണാനാടാ....നാണമില്ലേ നിനക്ക്?"

"ങ്ങാ...., അമ്മ അകത്തു കയറി വാതിൽ അട ച്ചു നാണിച്ചിരുന്നോ, അല്ല പിന്നെ.

"ന്റെ....ദൈവമേ ഈ 'കോപ്പിലെ' ആശുപത്രി എങ്ങോട്ടെങ്കിലും മാറ്റാൻ പറഞ്ഞാൽ ഈ സർക്കാരുണ്ടോ കേൾക്കുന്നു. അല്ലെൽ,കെട്ടുറപ്പുള്ള മതിലു പണിയണം. ഇതതുല്ല ".

"പിന്നെ...., അമ്മ പറഞ്ഞാൽ ഉടനെ സർക്കാർ കേൾക്കാൻ,സർക്കാർ പഠിക്കുന്ന സ്കൂളിലെ ഹെഡ്മിസ്ട്രസ്സ് അല്ലേ അമ്മ. ഒന്നു പൊമ്മേ."

"ഡാ.... കണ്ടോടാ സാബു നീ ".

"ഈ.... കുറ്റിക്കാട്ടികേറിന്നാ പറണേ. ആൾക്കാർ ചുറ്റിനും കൂടി നിൽക്കുക. മുള്ളാ മുഴുവൻ."

"എന്നാ...., നീയിങ്ങു പോരടാ മോനെ അതൊരു പ്രായമുള്ളസ്ത്രീയെന്നാപ റേന്ന കേട്ടെ."

"ഈ....അമ്മയ്ക്കെന്നാ
ഒരു 'സ്വര്യോം'തരില്ലല്ലോ. "

"എടാ,....സാബുവേ.... എനിക്ക് ദേഷ്യം വരുന്നുണ്ട് കേട്ടോ ".

"ന്നാ.. അമ്മേം കൊണ്ട് കാണിക്കണം. ചുമ്മാദേഷ്യം വരുന്നതും ഒരു രോഗാ".

" കൊണ്ട് കാണിക്കടാ മോനെ.എന്നിട്ട്,നിനക്കും അപ്പനും കൂടി എന്റെ പിന്നാലെ ഇങ്ങനെ ഓടിക്കളിക്കാല്ലോല്ലോ?."

"അമ്മന്നു.... നിർത്തിട്ടു
പൊന്റെമ്മേ".

"ഡാ.... കണ്ടോടാ അവരെ...."

" കണ്ടു "

"ഫാ.... തന്തക്ക് പിറക്കാത്തവനെ. പിന്നാലെ പതുങ്ങി വന്നിട്ട് ചെവിക്കക ത്താണോ 'കണ്ടു'ന്ന് പറേന്നത്. പേടിച്ചുപോയല്ലോ".

"അമ്മ എന്നാഓർത്താ പേടിച്ചെ....?ആ സ്ത്രീ വന്നന്നാണോ....?"

"ഡാ.... മോനെ,ഇന്നാള് വേറൊരാളും ഇതുപോലെ
'തുണിമണിം' ഇല്ലാതെ ഇറങ്ങി ഓടിട്ട് നാട്ടുകാർ ഓടിച്ചിട്ട് പിടിച്ചില്ലേ...?"

"ങ്ങാ...അതും ഇതുപോലെ കഥയൊക്കെ എഴുതു ന്ന ആളായിരുന്നു.ഈ
ആഴ്ചപ്പതിപ്പിൽ തുടർക്കഥ എഴുതുന്നഒരാൾ.
മുത്തച്ഛന്റെ പ്രായമുള്ള
ആളെ പ്രേമിക്കുന്ന 'പത്തിനാറുകാരി'യുടെയും
സ്വന്തം അമ്മയുടെ പ്രായ മുള്ള സ്ത്രീയെ കെട്ടാൻ നടക്കുന്ന ഇരുപതുകാരന്റെയും ഒക്കെ കഥകൾ തുടർക്കഥയായി എഴുതുന്ന ഒരാൾ. ഇന്നാളൊരു കഥവന്നു. അഞ്ചു പെണ്ണു ങ്ങൾ കൂടി ഒരു പാവം പയ്യനെ ഞെക്കി കൊന്ന കഥ. ഇതൊക്കെ സമൂഹത്തിന് എന്നാ സന്ദേശം ആണാവോ നൽകുന്നത്. ചുമ്മാതല്ല ഈ നാട് നന്നാവാത്തത്."

"ഈ.... അപ്പൻ എവിടെ ടാ സാബു....?"

"അപ്പൻ അവിടെത്തന്നെ നോക്കി നിൽക്കുവാ".

"നീ കണ്ടോടാ..അവരെ"

"അതെങ്ങനെ കാണാനാ.വിളിയോട് വിളിയല്ലേ സാബുവേ....കൂവുവേ. ചുമ്മാ.അവർക്ക് മുണ്ടും
തൂണിയും ഒന്നുമില്ലാ
ത്രെ..... ദേണ്ടേ, അപ്പൻ വരുന്നുണ്ട്."

"നിങ്ങളിന്ന് പണിയ്ക്കും
വേലയ്ക്കും ഒന്നും പോയില്ലേ മനുഷാ?"

"അതെങ്ങനാടി,ഇതൊക്കെ കണ്ടേച്ച്....കണ്ടില്ലാത്തതുപോലെ പോണത്. ഒരു പാവം സ്ത്രീ. നിന്റെ പ്രായം കാണും. നൂലു വസ്ത്രമില്ല ദേഹത്ത്. സെക്യൂരിറ്റിക്കാരും പോലീസും ഒക്കെ കൂടി പുതപ്പിട്ട് മൂടി എടുത്തോണ്ടാ തിരിച്ചുവാർഡിൽ കൊണ്ട് കിടത്തിയത്. അവർ പണ്ടെങ്ങോ വലിയ പുള്ളി ആയിരുന്നു പോലും. ഞാൻ ആനയാണ്,ചേനയാണ്, ഹിമാലയ പർവ്വതം കണ്ടിട്ടുണ്ട്എന്നോക്കെ ഇടയ്ക്കിടെ പറയുന്നുണ്ട്. പാവം".

"അവർക്കും മക്കളും കിട്ടിയോനും ഒന്നുമില്ലേ".

"ആ....ഒണ്ടേൽ ഇങ്ങനെ
സർക്കാരുവക മാനസികാശുപത്രിയിൽ കൊണ്ട്
തള്ളിയേച്ചു പോകുമോ.."

" എന്തായാലും കൊള്ളാം
ആരാന്റെ അമ്മയ്ക്ക് ഭ്രാന്ത് പിടിച്ചാൽ.....!!
* ..... *

കഥ

പ്രവാസി

ദൂരെ ചക്രവാളത്തിലേക്ക് നോക്കി ഈ ഇരിപ്പ് തുടങ്ങിയിട്ട് നേരം കുറെ ആയി. അസ്തമയ സൂര്യന്റെ പൊൻ കിരണങ്ങൾ സന്ധ്യാമ്പരത്തിന്റെ മാറിൽ ചുവപ്പ് പരവതാനി വിരിച്ച പോലെ. എരിഞ്ഞൊടുങ്ങുന്ന സൂര്യൻ സാഗരത്തിന്റെ വിരിമാറിലേക്ക് അമരാൻ കൊതിക്കുന്ന അപൂർവ്വ നിമിഷങ്ങൾ. ഈ കാഴ്ച ഈ ലയനം എത്ര നേരം കാണാതിരിക്കാൻ പറ്റും. ഓർമ്മകളായിരുന്നു മനസ്സിൽ ഒരു അനാഥനായി ഏതോ ആലയത്തിൽ പിറന്നു. ആരോ വളർത്തി. പകരക്കാർ ആവാൻ പോലും ഒരച്ഛനും അമ്മയും തയ്യാറാവാതെ വന്ന ബാല്യ കൌമാരങ്ങൾ പിന്നിട്ട നാളുകളിൽ ആരോടും പരിഭവവും പരാതിയുമില്ലാതെ മുന്നോട്ട് നടന്ന ജീവിതം. ഒടുവിൽ പിറന്നു വീണെന്നുകരുതിയ അനാഥാലയവും സ്നേഹത്തോടെ യാത്ര തന്നപ്പോൾ രണ്ടു തുള്ളി കണ്ണീർ ആ മണ്ണിൽ വീഴ്ത്തി യാത്ര തുടർന്നു. ലക്ഷ്യം അറിയാത്ത യാത്ര. ആ യാത്ര ഇപ്പോൾ ഒരു സർക്കാർ ജീവനക്കാരനായി. ഈ തീരത്തെ കൊച്ചു വീട്ടിലേക്ക് എന്റെ ജീവിതത്തെ പറിച്ചു നട്ടു. മൊബൈലിന്റെ നിലവിളി ശബ്ദം കേട്ടാണ് ഓർമ്മകളിൽ നിന്നും ഉണർന്നത്. ഓഫീസിലെ സഹപ്രവർത്തകനാണ്. ജില്ലാ കളക്ടറുടെ നിർദ്ദേശ പ്രകാരം അടുത്തുള്ള ഒരു ക്വാറന്റൈൻ കേന്ദ്രത്തിൽ കോവിഡ് സെപ്ഷ്യൽ ഡ്യൂട്ടിക്ക് ഓർഡറായി .

എന്റെ ആത്മഗതം ദൂരേക്ക് നോക്കി പെട്ടന്ന് അസ്തമന സൂര്യനെ മറച്ച് കൊണ്ട് കരിമേഘങ്ങൾ വന്നു മൂടി. ഈ ലോകത്തെ മുഴുവൻ ഒന്നോടെ വിഴുങ്ങാൻ വരുന്ന കൊറോണ എന്ന കറുത്ത മഹാമാരിയെപ്പൊലെ ആ കറുത്ത മേഘങ്ങൾ സൂര്യനെ കടലിന്റെ ആഴങ്ങളിലേക്ക് താഴ്ത്തി കൊണ്ടിരുന്നു. ആ കാഴ്ച പൂർണ്ണമാവാതെ ഞാൻ എണ്ണീറ്റു. രാവിലെ കളക്ടറുടെ ഓഫീസിൽ നിന്നും പുതിയ നിയമന ഉത്തരവ് വാങ്ങി ഏല്പ്പിച്ചിരിക്കുന്ന നിരീക്ഷണ കേന്ദ്രത്തിൽ ചെന്നു. സ്വന്തമായി പുറത്ത് ഒരു ഓഫീസ് ഉണ്ട്. മേശ പുറത്തുള്ള രജിസ്റ്റർ മറിച്ചു നോക്കി ആകെ 25 പേർ നിരീക്ഷണത്തിലുണ്ട്. ഗൾഫ് രാജ്യങ്ങളിൽ നിന്നും വന്നവർ.

ഒരു സർക്കാർ ഉദ്യോഗസ്ഥൻ ആയ എനിക്ക് കളക്ടറുടെ നിർദ്ദേശം പ്രകാരം അടുത്തുള്ള ഒരു ക്വാറന്റൈൻ കേന്ദ്രത്തിൽ സ്പെഷ്യൽ ഡ്യൂട്ടി കിട്ടി.. ഞാൻ ചെല്ലുമ്പോൾ അവിടെ 15 പേരുണ്ട്...എനിക്ക് ഒരു ചെറിയ ഓഫീസ് ഉണ്ട്.... എല്ലാവരുടേയും ഡീറ്റെയിൽസ് പരിശോധിച്ചു... ഗൾഫിൽ നിന്നും മാലിദ്വീപിൽ നിന്നും വന്നവർ... ജീവിതത്തിന്റെ നല്ല നാളുകൾ മരുഭൂമിയിൽ ഉറ്റവർക്കും ഉടയവർക്കും വേണ്ടി കഷ്ടപ്പെട്ട് ചോര നീരാക്കി എല്ലാവരെയും ഒരു കരക്കെത്തിച്ചവർ... അതിൽ പ്രായമായ ഒരാൾ... സതീശേട്ടൻ... എന്തോ ഞാൻ മൊബൈലിൽ വിളിച്ചു എല്ലാവരുടേയും കാര്യം തിരക്കിയപ്പോ മനസ്സിൽ തോന്നിയ ഒരു ബന്ധം... ഭാര്യാ മക്കൾ മരുമക്കൾ കൊച്ചുമക്കൾ എല്ലാവരും ഉണ്ട്... അവസാനകാലം നാട്ടിലേക്ക്.. കൊറോണ എന്ന മഹാമാരി കൂട്ടിക്കൊണ്ടുവന്നു.. അല്ലെങ്കിൽ അവിടെ തന്നെ കുടുംബത്തിനായി പണിയെടുത്തു ശിഷ്ടകാലം ജീവിക്കണം എന്ന് തന്നെ ആരുന്നു കണക്കുകൂട്ടൽ.. ഇതിപ്പോ ഇന്ന് ഈ കേന്ദ്രത്തിൽ 10 ദിവസം ആയി സാറെ...

ഇനി ഒരു നാലു ദിവസം കൂടി കഴിഞ്ഞാൽ എനിക്ക് സ്വന്തം വീട്ടിൽ പോകാം.. ആ കണ്ണിലെ തിളക്കം ഞാൻ കണ്ടു.. എനിക്കും ഒരുപാടു സന്തോഷം ആയി... എല്ലാവരേയും കാണാൻ കൊതിച്ചിരിക്കുന്നു അല്ലേ സതീശേട്ടാ... ഒരു പ്രത്യാശയുടെ ഒരു ചിരി ആ മുഖത്ത് ഞാൻ കണ്ടു... നിരീക്ഷണകാലയളവിന്റെ 13-□□ ദിവസം എല്ലാരേയും വിളിച്ചു.. നാളെ വൈകുന്നേരം എല്ലാവർക്കും പോകാം.. ബന്ധുക്കളെ ഒക്കെ വിളിച്ചു വണ്ടി ഒക്കെ അറേഞ്ച് ചെയ്തു വെക്കാനും അവരുടേതായ എല്ലാ വസ്തുക്കളും ബാഗിൽ ആക്കി മുറി ക്ലീൻ ആക്കി വെക്കാൻ ഞാൻ നിർദ്ദേശം നൽകി... സതീശേട്ടനോട് ഒരു പ്രേത്യേക താല്പര്യം ഉള്ളതുകൊണ്ട് ചോദിച്ചു... എല്ലാം ഓക്കേ അല്ലേ.. രാവിലെ തന്നെ വരും സാർ...

മകനും മരുമകളും കൊച്ചുമോളും ഭാര്യയും എല്ലാവരും ആഹാ നന്നായി.. പുതു ജീവിതം ആരംഭിക്കുന്നു... സതീശേട്ടൻ മൊബൈലിലൂടെ ചിരിച്ചു... ഞാനും... പിറ്റേന്ന് 14-□□ ദിവസം രാവിലെ മുതൽ ബന്ധുക്കൾ തങ്ങളുടെ ആളുകളെ കൊണ്ടുപോകാൻ വന്നു... എല്ലാകാര്യങ്ങളും ക്ലിയർ ആക്കി എല്ലാവർക്കും മധുരം നൽകി യാത്രയാക്കി ക്കൊണ്ടിരിക്കുന്നു...

പുഴ പോലെ ഒഴുകുന്ന കണ്ണീർ..പരസ്പരം നോക്കി... നമ്മുടെ ഗവണ്മെന്റ്ന്റെ നിർദ്ദേശം ഞാൻ പറഞ്ഞു കൊടുത്തു... ഒരു 14 ദിവസം കൂടി വീട്ടിൽ ഒരു മുറിയിൽ ഒറ്റയ്ക്ക് നിരീക്ഷണത്തിൽ തുടരണം.. എന്നിട്ടു എല്ലാവർക്കും ഒന്നിച്ചു എല്ലാം ആകാമല്ലോ... മരണത്തിന്റെ മുഖത്ത് നിന്നും നമ്മൾ സ്വന്തം നാട്ടിൽ ഇപ്പോൾ വീട്ടിൽ.. എല്ലാം ശരിയാകും... ഇനിയിപ്പോ സതീശേട്ടൻ മാത്രം.. ഞാൻ വിളിച്ചു.. എല്ലാം ഒരുക്കങ്ങളും പൂർത്തിയാക്കി സതീശേട്ടൻ വന്നു.. ഞാൻ ലഡ്ഡു കൊടുത്തു... ആഹാ ആള് നല്ല സുന്ദരകുട്ടപ്പൻ ആയല്ലോ .. ഞങ്ങൾ രണ്ടു പേരും ചിരിച്ചു... വണ്ടിയുമായി മോൻ ഇപ്പോൾ വരുമല്ലോ അല്ലേ... സാരമില്ല നമുക്കു സമയം ഉണ്ടല്ലോ...ഞാൻ പറഞ്ഞു .. പെട്ടന്ന് സതീശേട്ടൻ മൊബൈലിൽ വിളിച്ചു കിട്ടുന്നില്ല.. കുറെ നേരം മാറി മാറി വിളിക്കുന്നു.. എന്താ സതീശേട്ടാ കിട്ടുന്നില്ലേ... ഞാൻ വിളിക്കാം.. ഞാൻ വിളിച്ചു ഒരു ഫോണും കിട്ടുന്നില്ല... എന്റെ ഫോണിൽ നിന്നും വിളിച്ചിട്ടും ആരേയും കിട്ടുന്നില്ല.. പലതും സ്വിച്ച് ഓഫ്... സതീശേട്ടാ റേഞ്ചില്ലായിരിക്കും എന്റെ മനസിലെ പരിഭ്രമം പുറത്തു കാണിക്കാതെ ഞാൻ പറഞ്ഞു... നമുക്ക് ഒരു കാര്യം ചെയ്യാം..

നമുക്കൊരു വണ്ടി വിളിക്കാം... വായിൽ വെച്ച ലഡ്ഡു പകുതി താഴെ വീണു.. കണ്ണീർ മഴപോലെ മുഖത്തുകൂടി ഒഴുകുന്നു... എന്റെ മനസ് ആ കണ്ണീരിൽ പൊള്ളി... കരയാതെ ഇരിക്കാൻ ഞാൻ പാടുപെട്ടു .. പെട്ടെന്ന് ഞാൻ പറഞ്ഞു സതീശേട്ടാ ഈ നിരീക്ഷണത്തിൽ കഴിയുന്നവരെ കൊണ്ടുപോകുന്ന ഒരു സംഘം ഡ്രൈവർമാരുണ്ട്.. അവരെ ഞാൻ വിളിക്കാം.. നമുക്ക് വീട്ടിൽ പോയാൽ പോരെ... കണ്ണീരൊഴുകുന്ന മുഖത്തോടെ ആ മനുഷ്യൻ തലയാട്ടി... ഹലോ ബിനോയ് അല്ലേ ഞാൻ അജിത് ഇവിടെ ക്വാറന്റൈൻ സെന്ററിൽ നിന്നുമാണ്.. നമുക്ക് ഒരാളെ ഒന്ന് വീട്ടിൽ കൊണ്ട് വിടണം... കാര്യങ്ങൾ പറഞ്ഞു... സാർ ഒരു അരമണിക്കൂർ ഞാൻ വണ്ടിയുമായി എത്താം..

സതീശേട്ടൻ എന്തോ ആലോചനയിൽ ആണ്... സാരമില്ല.. ഞാൻ സമാധാനിപ്പിച്ചു... അല്ലേലും ചില സമയം മൊബൈൽ ഇവിടെ കിട്ടാൻ പാടാണ്... ഞാൻ വെറുതെ സമാധാനിപ്പിക്കാൻ ഓരോന്ന് പറഞ്ഞു കൊണ്ടിരുന്നു... പറഞ്ഞ സമയത്തിനുള്ളിൽ ബിനോയ് കാറുമായി വന്നു... ദാ സതീശേട്ടൻ ഇനി ധൈര്യമായി വീട്ടിലോട്ടു പോകാം... അദ്ദേഹം പതുക്കെ എണിറ്റു രണ്ടു ബാഗുകൾ ഞാനും ബിനോയിയും കൂടെ സഹായിച്ചു എടുത്തു വെച്ചു... എന്നെ കരയുന്ന മിഴികളോടെ തൊഴുതു.. ഞാൻ തോളിൽ തട്ടി യാത്രയാക്കി... എനിക്കും സമാധാനമായി.. കുറച്ചു ജോലികൂടി ഉണ്ട്.. പഞ്ചായത്തിൽ, ഹെൽത്ത് ഡിപ്പാർട്മെന്റിൽ, കളക്ടറേറ്റിൽ അതുപോലെ യാത്രയായവരുടെ ബന്ധപ്പെട്ട പഞ്ചായത്തിൽ എല്ലാം ഈ വിവരം അറിയിക്കണം... പിന്നെ എല്ലാവർക്കും സർട്ടിഫിക്കറ്റ് ഒക്കെ നൽകിയാണ് കൊടുത്തു വിട്ടത്.. നിരീക്ഷണകാലം പൂർത്തിയാക്കി നോൺ കോവിഡ് സർട്ടിഫിക്കറ്റ്.. എല്ലാം തീർത്തു... ഇനി ഈ ക്വാറന്റൈൻ കേന്ദ്രം സാനിറ്റൈസ് ചെയ്യണം... അതിനു ഹെൽത്തിലും പിന്നെ ഫയർ ഫോഴ്സിനെയും അറിയിച്ചു.... എല്ലാം ചെയ്തു കഴിഞ്ഞഞ്ഞപ്പോൾ വില്ലജ് ഓഫീസർ വിളിച്ചു.

സാർ ഇന്നത്തെ ഫ്ളൈറ്റിൽ രാത്രിയോടെ കുവൈറ്റിൽ നിന്നും 15 പേര് നമ്മുടെ സെന്ററിൽ വരും. ഫയർ ഫോഴ്സ് ഇപ്പോ തന്നെ വരും സർ കാണില്ലേ.. ഞാനും നൈറ്റ് ഡ്യൂട്ടി ആളും ഇവിടെ ഉണ്ട്... ഓക്കേ.. പെട്ടെന്നാണ് ഒരു കാൾ എനിക്ക് വന്നത്... ബിനോയ് ആണ്.. ആ പറയ് ബിനോയ്.... സർ ഇത് ആകെ പ്രശ്നമാണ്... ഇദ്ദേഹം പറഞ്ഞ വീട്ടിൽ ഞങ്ങൾ വന്നു.. പക്ഷെ ഇവിടെ വീട് പൂട്ടി ഇരിക്കുന്നു.. ഗേറ്റ് ഉൾപ്പെടെ.. അടുത്ത വീട്ടിലെ ആളുകളെ ഇദ്ദേഹം വിളിച്ചു.. തങ്കപ്പാ.. മോഹന... രമണി.. സുശീലേ എന്നൊക്കെ വിളിച്ചു ആകെ സീൻ ആയി സാറെ...ഞാൻ ചെന്ന് ചോദിച്ചതാ ഇദ്ദേഹത്തിന്റെ വീട്ടുകാരെ പറ്റി.. പക്ഷെ എല്ലാവരും കതകു വലിച്ചടച്ചു ആട്ടി ഓടിച്ചു... മേല്പറഞ്ഞവർ ഇദ്ദേഹത്തിന്റെ അനിയന്മാർ അവരുടെ ഭാര്യമാർ ഒക്കെ ആണ്.. ഇനി എന്ത് ചെയ്യും സാർ... ബിനോയ് അദ്ദേഹത്തെ നേരെ ഇങ്ങോട്ട് കൂടി കൊണ്ടുപോരൂ.. ഞാൻ പറഞ്ഞു..

അരമണിക്കൂറിനുള്ളിൽ ബിനോയ് തിരിച്ചു സെന്ററിൽ വന്നു... എങ്ങനെ ഈ മനുഷ്യനെ ഞാൻ അഭിമുഖികരിക്കും...സർവ ശക്തിയും മനസ്സിൽ നിറച്ചു ഞാൻ വണ്ടിയുടെ വാതിൽ തുറന്നു....തകർന്നു തരിപ്പണമായ ഒരു മനുഷ്യൻ ജീവിതകാലം മുഴുവൻ ഗൾഫിൽ കിടന്നു ചോര നീരാക്കി നാട്ടിൽ തിരിച്ചു വന്നപ്പോൾ തെരുവിൽ അലയുന്ന കൊടിച്ചി പട്ടിയുടെ വില നൽകിയില്ല...ഞാൻ സതീശേട്ടനെ വിളിച്ചു.. അലറിക്കരഞ്ഞു കൊണ്ട് ഇറങ്ങി വന്നു ആ രൂപം എന്നോട് പറഞ്ഞു എനിക്ക് തിരിച്ചു ഗൾഫിൽ പോകണം.. അവിടെ കിടന്നു ഈ രോഗം വന്നു മരിക്കണം... എന്നെ സഹായിക്കുമോ സാർ.. എന്റെ ചുണ്ടുകൾ വിറച്ചു... കണ്ണുനീർ മലവെള്ളം പോലെ പാഞ്ഞു.. ഒരു നിലവിളി അറിയാതെ എന്റെ നെഞ്ചിൽ നിന്നും പുറത്തേക്കു.... ഞാൻ അദ്ദേഹത്തെ കെട്ടിപ്പിടിച്ചു.. ഞങ്ങളെ കണ്ടു ബിനോയ് വണ്ടിയിൽ ചാരി നിന്ന് മുഖം പൊത്തി... ബിനോയ് വണ്ടി നേരെ എന്റെ വീട്ടിലേക്കു പോട്ടെ.. ഒരു അനാഥനായ എനിക്ക് ഒരു അച്ഛന്റെ സ്ഥാനത്തു ഈ മനുഷ്യനെ വേണം... സാറെ എന്ന് വിളിച്ച നാവിൽ നിന്നും എന്റെ പൊന്നു മോനെ എന്നുള്ള ആ വിളി ഞാൻ കേട്ടു.. ഞാൻ നൈറ്റ് ഡ്യൂട്ടിയിൽ ഉള്ള ആളെ ഏല്പിച്ചു എന്റെ വീട്ടിലേക്കു തിരിച്ചു... പോണ വഴി ബിനോയ് ഒരു കാര്യം പറഞ്ഞു.. സാർ ഞങ്ങൾ അവിടെ ചെന്നപ്പോൾ അവിടെ കൂട്ടിൽ കിടന്ന ആ പട്ടി ഇദ്ദേഹത്തെ കണ്ടു തുടലു പൊട്ടിക്കാൻ തുടങ്ങി...ആ പട്ടിക്കുള്ള സ്നേഹം പോലും.

ബിനോയ് മുഴുമിപ്പിച്ചില്ല... എന്നെ ചാരി ഇരുന്നു സതീശേട്ടൻ.. വണ്ടി വീടിന്റെ വാതിക്കൽ എത്തി... ബിനോയ് ബാഗ് എടുത്തു പുറത്തു വെച്ചു... ഞാൻ വണ്ടിയുടെ വാതിൽ തുറന്നു.. ഇറങ്ങാൻ ഒരുങ്ങി.. സതീശേട്ടൻ എന്നോടൊപ്പം കാറിന്റെ സീറ്റിലേക്ക് മറിഞ്ഞു... ഞാൻ പെട്ടെന്ന് തിരിഞ്ഞു നോക്കി.... കൈയിൽ പിടിച്ചു ചൂട് ഉണ്ട്.. കൈ പൊക്കി.. അതേപോലെ താഴേക്കു വീണു... സതീശേട്ടാ എന്റെ നിലവിളി... ബിനോയ് ഓടിവന്നു സാർ..... ബിനോയ് വണ്ടി ഗവണ്മെന്റ് ഹോസ്പിറ്റലിലേക്ക് പോകട്ടെ... എവിടുന്നോ ഒരു ധൈര്യം വന്നു... ഒന്നും മിണ്ടാതെ ബിനോയ് വണ്ടി എടുത്തു... സതീശേട്ടന്റെ തല പൊക്കി ഞാൻ എന്റെ മടിയിൽ വെച്ചു. ഞാൻ ആ മുഖത്തേക്ക് നോക്കി... ചിരിച്ച മുഖം.. നരച്ച താടിയിൽ കൂടി വായിൽ നിന്നും ഒഴുകിയ ചോരത്തുള്ളികൾ.. ആ കണ്ണുകൾ മെല്ലെ തഴുകി ഞാൻ അടച്ചു... വണ്ടി മുന്നോട്ടു ഓടിക്കൊണ്ടിരുന്നു....

ഏകൻ



ഓരോ മനുജനും ഓരോ
ദിനവും
ആറടി മണ്ണിൻ ജന്മികൾ
അല്ലോ
ഇന്നലെ നമ്മൾ
കണ്ടവരൊക്കെ
എങ്ങോ പോയി മറയുന്നു
ഞാനെന്നൊരു ഭാവം
മനുജൻ
എന്തിനു വെറുതെ
നടിക്കുന്നു
ഒറ്റയ്ക്കല്ലേ ഇഹലോകം
വെടിയുക നീ
കൂട്ടിനാരും കൂട്ടില്ലല്ലോ
ഈ ഭൂ ഗോളത്തിൻ
പുലരിയുണരുമ്പോൾ
ആരാരിവിടെ കാണുക നാം
ഈ മനോഹര പാരിൽ
നമ്മുക്കിനിയൊരു
ജന്മമില്ലല്ലോ....

വൈരാഗ്യം രൂപപ്പെടുമ്പോൾ



ശ്രീന.എസ്

ഫോൺ നമ്പർ :9400589773

കാലത്തിനനുസരിച്ച്
അപ്ഡേറ്റ്
ചെയ്യപ്പെടാത്ത
വാശിയും,
പ്രതികാരവും,
വൈരാഗ്യവും,
അഹങ്കാരവും,
ഘോഷയാത്ര
പോവാനൊരുങ്ങി..
അപകർഷതാബോധ
ത്തിന്റെ
കോമാളി വേഷം
വിചിത്രമായ ഭ്രാന്ത്
വേഷത്തോട് ഏറ്റുമുട്ടി,
സംഘർഷങ്ങൾ
സൃഷ്ടിക്കുക
എന്ന ലക്ഷ്യത്തോടെ..

അധികാരങ്ങൾ കുത്തി
നിറച്ച
പേടകത്തിലൂടെയായിരു
ന്നു യാത്ര.
ഇരുളടഞ്ഞ കുഴിഞ്ഞ
കണ്ണുകൾ
സംശയങ്ങളിൽ
ആഴ്ന്നിറങ്ങി
കൗതുകത്തോടെ
നോക്കുന്നു.
നാണംകെട്ട ചിന്തകൾ
സ്വയം
മത്ത് പിടിപ്പിക്കുന്നു..
കൂർത്ത മൂർത്ത
കണ്ണുകളിൽ
അഹങ്കാരം ഊർജ്ജമായി
ഒഴുകുകയാണ്.
യൗവനം കാർന്നു തിന്ന
പ്രതികാരവും
വൈരാഗ്യവും
അമ്പതുകളിൽ വീണ്ടും ഉണരുന്നു.
പേപ്പട്ടിയെ പോലെ കുരയ്ക്കുന്ന
പാപി!
അതിരു കഴിഞ്ഞ
സ്വാർത്ഥതയിൽ
മുങ്ങി മരിക്കുകയാണ്.
ഒരുപാട് മനുഷ്യരെ
മരണത്തിലേക്ക് തള്ളിയിട്ട്
പാപത്തിലേക്കുള്ള
യാത്ര പോവുകയാണ്.
ജീവനുള്ള ശരീരത്തെ
പോസ്റ്റ്മാർട്ടം ചെയ്ത്
അതിലും ആനന്ദം
കണ്ടെത്തുന്ന ഉന്മാദ രോഗികൾ..

മനുഷ്യൻ സൃഷ്ടിച്ച ദൈവങ്ങൾ

ഓരോ മതവിശ്വാസിയുടെയും അവകാശവാദം പ്രപഞ്ചവും അതിലുള്ളതൊക്കെയും സൃഷ്ടിച്ച് പരിപാലിക്കുന്നത് ഒരേയൊരു ദൈവമാണെന്നും അത് തങ്ങളുടേത് മാത്രമാണെന്നുമാണ്.എന്നാൽ,നിങ്ങളുടെ ദൈവം ആരാണ് എന്നു ചോദിച്ചാൽ ഓരോരുത്തരും വ്യത്യസ്ഥ പേരുകളായിരിക്കും പറയുക.എന്നാൽ,യഥാർത്ഥ ദൈവം തങ്ങളുടേത് മാത്രമാണെന്ന് സ്ഥാപിച്ചെടുക്കാനുള്ള ശ്രമങ്ങളാണ് മതസംഘർഷങ്ങൾക്ക് അടിത്തറയിടുന്നത്.വിശ്വാസസംരക്ഷണത്തിന് തെരുവിലിറങ്ങുന്നത് പുരോഹിതരോ ധനികവിശ്വാസികളോ അല്ല,പട്ടിണിയിലും ദുരിതത്തിലും കഴിഞ്ഞുകൂടുന്നവർ തന്നെയാണ്.

ഒരാളെ മറ്റൊരാളിൽ നിന്നും വേർതിരിച്ചറിയാനാണ് വ്യത്യസ്ഥ നാമങ്ങൾ ഉപയോഗിക്കുന്നത്.ഈ ദൈവങ്ങൾക്കെല്ലാം നാമകരണം ചെയ്തതാരാണ്?അവർ സ്വയംപേര് ചാർത്തിക്കൊണ്ടാണോ ഭൂമിയിലേക്ക് അവതാരമെടുത്തത്?ഒരിക്കലുമല്ല.അവരുടെ സൃഷ്ടാക്കളായ മനുഷ്യർ തന്നെ ചാർത്തിക്കൊടുത്തതാണ് ദൈവനാമങ്ങൾ.
ഒരു കുട്ടിയും സ്വയം പേരു സ്വീകരിച്ചുകൊണ്ടല്ല പിറവിയെടുക്കുന്നത്.കുട്ടിയുടെ മാതാപിതാക്കളാണ് പേരിടൽ കർമ്മം നടന്നത്.കുട്ടിയുടെ മാതാപിതാക്കളാണ് പേരിടൽ കർമ്മം നടത്തുന്നത്.ഭാവന സമ്പന്നരായ മനുഷ്യരുടെ മസ്തിഷ്ക്കങ്ങളിൽ പിറവിയെടുത്ത എല്ലാ ദൈവങ്ങൾക്കും അവരുടെ സൃഷ്ടാക്കളായ മനുഷ്യരാണ് പേരുകൾ നൽകിയത്.പ്രപഞ്ച പ്രതിഭാസങ്ങളെക്കുറിച്ചുള്ള അജ്ഞതയും ഭയവുമാണ് ദൈവസൃഷ്ടിക്ക് മനുഷ്യനെ പ്രേരിപ്പിച്ച പ്രധാനഘടകങ്ങൾ.ദൈവങ്ങളുടെ സൃഷ്ടികർമ്മം ആദ്യമായി നടന്നത് ഏതുകാലഘട്ടത്തിലാണെന്നോ എവിടെ വെച്ചാണെന്നോ കൃത്യമായി പറയാൻ കഴിയില്ല.മനുഷ്യന് ചിന്താശേഷിയും ഭാവനാശേഷിയും കൈവന്ന ഘട്ടത്തിലായിരിക്കും പ്രകൃതിശക്തികളെ ദേവിദേവന്മാരായി പരിഗണിച്ച് ആരാധിച്ചു തുടങ്ങിയത്.മനുഷ്യൻ ഘട്ടംഘട്ടമായി തന്റെ ചുറ്റുപാടുകളിൽ നിന്നും സ്വന്തം അനുഭവങ്ങളിൽ നിന്നു നേടിയ പുതിയ അറിവുകൾ പഴയ ദൈവങ്ങളിൽ നിന്ന് പുതിയ ദൈവങ്ങളിലേക്കെത്തിച്ചു.ഇത് ഇനിയും തുടർന്നുക്കൊണ്ടിരിക്കും.മനുഷ്യന്റെ ദാരിദ്രവും ദുരിതവുമാണല്ലേ ദൈവങ്ങളെ ആശ്രയിക്കുവാൻ മനുഷ്യരെ പ്രേരിപ്പിക്കുന്നത്.അവ ഇല്ലാതാകുന്ന ഒരു കാലം ഉണ്ടാവുകയാണെങ്കിൽ എല്ലാ ദൈവങ്ങൾക്കും അന്തർദ്ധാനം ചെയ്യേണ്ടിവരും.അപ്പോൾ മാത്രമേ സ്വസ്ഥതയോടും സമാധാനത്തോടും ജീവിക്കാനുള്ള സാഹചര്യം ഉണ്ടാകൂ.

എല്ലാ നന്മകളുടെയും അത്ഭുതസിദ്ധികളുടെയും കലവറയായി പരിഗണിക്കപ്പെടുന്ന ദൈവത്തിന് ഒരു എതിരാളി ഇല്ലെങ്കിൽ അപ്രകസക്തനാകും.അദ്ദേഹത്തിന്റെ മുമ്പിൽ കുമ്പിടുവാൻ ആരും വന്നെന്നിരിക്കില്ല.ദൈവസൃഷ്ടാക്കളുടെ ഈ തിരിച്ചറിവാണ് സാത്താൻ,ചെകുത്താൻ,പിശാച് എന്നീ നാമങ്ങളാൽ അറിയപ്പെടുന്നതും എല്ലാ തിന്മകളുടെയും വിളനിലമായ ഒരെതിരാളിയെ ദൈവത്തിന് സൃഷ്ടിച്ചു കൊടുത്തത് ദൈവസൃഷ്ടാക്കളായ മനുഷ്യർ തന്നെയാണ്.എല്ലാ ജീവജാലങ്ങളുടെയും സ്രഷ്ടാവായ ദൈവം തന്നെയാണ് സാത്താനേയും സ്രഷ്ടിച്ചതെന്നാണ് വിശ്വാസികൾ കരുതുന്നത്.സർവ്വവിജ്ഞാനത്തിന്റെയും ഉറവിടമായ ദൈവം ബോധപൂർവ്വം തനിക്കൊരു ശത്രുവിനെ സ്രഷ്ടിച്ചെടുക്കുമെന്നു ചിന്തിക്കുന്നതുതന്നെ മൌഢ്യമല്ലേ?

എല്ലാ ദൈവങ്ങളുടെയും ജന്മഗേഹവും വാസഗേഹവും വിശ്വാസികളുടെ മസ്തിഷ്ക്കങ്ങളാണ്.മനസ്സിൽ ജനിച്ചു വളർന്ന് അവിടെത്തന്നെ വാസമുറപ്പിക്കുന്ന ദൈവം തന്റെ മരണത്തോടൊപ്പം മരണപ്പെടുമെന്നും ഉറപ്പുണ്ട്.അതുകൊണ്ട് തലമുറയിലേക്ക് അത് പകർന്നുകൊടുക്കുന്നു

ഒരു ഭാഗ്യക്കുറി വില്പനക്കാരന് അല്പം വാക്സാമർത്ഥ്യം ഉണ്ടെങ്കിൽ ഒരിടത്തിരുന്നുകൊണ്ട് പരമാവധി കച്ചവടം നടത്താം.അതേ കർമ്മമാണ് മതപുരോഹിതന്മാരും ചെയ്യുന്നത്.ഒരു വ്യത്യാസമെയുള്ളൂ പുരോഹിത്മാർ വിൽക്കുന്നത് ദൃഷ്ടിഗോചരമല്ലാത്ത ദൈവം എന്ന ഭാഗ്യക്കുറിയാണെന്നു മാത്രം.ദൈവത്തിൽ നിന്നും വൻ സൌഭാഗ്യങ്ങൾ ആർജ്ജിക്കുവാൻ നേർച്ചകാഴ്ചകൾവെച്ച് ദൈവത്തെ പ്രസാദിപ്പിച്ച് ഒന്ന് പ്രാർത്ഥിച്ചാൽ മതിയെന്ന് പറഞ്ഞ് ചില്ലിക്കാശ് പിടുങ്ങുന്നതിൽ എല്ലാ മതപുരോഹിതരും അതിസമർത്ഥരാണ്.പണ്ടെന്നോ എഴുതിവയ്ക്കപ്പെട്ട അത്ഭുതപ്രവർത്തികൾ വിവരിക്കുന്ന മതഗ്രന്ഥങ്ങളും ചിന്താവിഹീനരായ സാധാരണക്കാരെ സ്വാധീനിച്ച് തങ്ങളുടെ ചൊല്പ്പടിയിൽ നിർത്തുവാൻ,പുരോഹിതന്മാർ ഉപയോഗിക്കുന്നു.

തുടർച്ചയായി സമ്മാനങ്ങൾ ലഭിക്കുമെന്ന പ്രതീക്ഷയോടെ ലോട്ടറി ടിക്കറ്റ് എടുക്കുന്ന ഒരാൾക്ക് ഒരിക്കൽപോലും സമ്മാനങ്ങളൊന്നും ലഭിക്കുന്നില്ലെങ്കിൽ അയാൾക്ക് ലോട്ടറിടിക്കറ്റിനോട് മടുപ്പുതോന്നുക സ്വാഭാവികമാണ്.ആളുകൾ ലോട്ടറി എടുക്കാതിരുന്നാൽ ലോട്ടറികച്ചവടക്കാരന് ഉണ്ടാകുന്ന അനുഭവം എന്തായിരിക്കുമെന്ന് നമ്മുക്ക് ഊഹിക്കാവുന്നതാണ്.പുരോഹിതന്മാരുടെ പ്രശ്നവും ഇതു തന്നെയാണ്.അതുകൊണ്ടാണല്ലോ കോവിഡ് എന്ന മഹാമാരിയെപ്പോലും തൃണവൽഗണിച്ചുകൊണ്ട് ദേവാലയങ്ങൾ തുറക്കാനും ആഘോഷപരിപാടികൾ സംഘടിപ്പിക്കുവാനും മത മേധാവികൾ തിടുക്കം കൂട്ടുന്നത്.
ഒരു കടുത്ത ദൈവവിശ്വാസിക്ക് സർപ്പദംശം ഏറ്റെന്നിരിക്കട്ടെ,അയാൾ ചികിത്സാലയത്തിലേക്കു കൊണ്ടുപോകാനാണ് ആവശ്യപ്പെടുക.ദൈവത്തിന് ഈ വിപത്തിൽ നിന്നും തന്നെ രക്ഷപ്പെടുത്താൻ കഴിയില്ലെന്ന് അയാളുടെ ബോധമനസ്സ് നിർവ്വിശങ്കം പറയുന്നു.സാധാരണ വിശ്വാസികളാകട്ടെ,രോഗം വരുമ്പോൾ അഭയം തേടുക ആധുനികവൈദ്യശാസ്ത്രകേന്ദ്രങ്ങളിലായിരിക്കും.എന്നാൽ ഈ ശാസ്ത്രയുഗത്തിലും രോഗശാന്തിവരപ്രാപ്തരേയും സിദ്ധന്മാരേയും തേടിപോകാറുണ്ട്.

പകർച്ചവ്യാധികൾ,പ്രകൃതിദുരന്തങ്ങൾ എന്നിവ വിശ്വാസി-അവിശ്വാസി ഭേദമില്ലാതെ മനുഷ്യരെ കൊന്നൊടുക്കുമ്പോൾ സർവ്വശക്തനും കരുണാമയനുമായ ദൈവം എന്തുകൊണ്ടാണ് തന്റെ വിശ്വാസികളെയെങ്കിലും രക്ഷിച്ചെടുക്കാത്തത്?ഒരു വിശ്വാസിയും ന്യായവും യുക്തവുമായ ഈ ചോദ്യം ഒരു പുരോഹിതന്റെ മുമ്പിൽ ഉന്നയിക്കുന്നില്ല.പ്രതിസന്ധികളിൽ സഹായിക്കാത്തവരെക്കൊണ്ട് എന്ത് പ്രയോജനം.വിജയങ്ങളുടെ മഹത്വം ദൈവത്തിനു നല്കുന്നതും പരാജയത്തിന്റെ ഉത്തരവാദിത്തം നൽകാതിരിക്കുന്നതും ദൈവവിശ്വാസമേയല്ല.

പറയാൻ ബാക്കിവച്ചത്
4
അജയന്റെ കാത്തിരിപ്പ്

അജയന് മൂന്നു പ്രണയങ്ങളുണ്ടായിരുന്നു.ആദ്യം പ്രണയിച്ചത് അതിരുകളില്ലാത്ത
ആകാശത്തെയായിരുന്നു.വെള്ളിമേഘങ്ങൾക്കിടയിലൂടെ കണ്ണടച്ച് തുറക്കുംമുൻപ് വേഗതയിൽ മറയുന്ന വിമാനവും,അതിന്റെ അമരക്കാരനെയും അജയൻ അതിരിറ്റ് പ്രണയിച്ചിരുന്നു.

ചൂനാടിന്റെയും വള്ളികുന്നത്തെയും നീലാകാശങ്ങളിലൂടെ പറന്നുമറയുന്ന വിമാനങ്ങളിലെ പൈലറ്റ് താനാണെന്ന്.പഠിപ്പുമുറിയിലെ കണ്ണാടിയിൽ നോക്കി എത്രയോവട്ടം അജയൻ പറഞ്ഞു.കോട്ടും,സൂട്ടും,തൊപ്പീം വച്ച് വിമാനത്തിന്റെ ഗോവണിയിറങ്ങിവരുന്ന അജയനെ സ്വപ്നം കണ്ട് ഉറങ്ങാതിരുന്ന രാത്രികളെത്ര.ആരോടും പറയാതിരുന്ന ആ പ്രണയം ഒടുവിൽ അനിയത്തി മാലയോടും അമ്മയോടും അജയൻ ഒരുനാൾ പറഞ്ഞു.മുഴുവനാക്കുംമുൻപ് സ്നേഹത്തിൽ പൊതിഞ്ഞ ഒരു താക്കീതായിരുന്നു അമ്മയുടേത്."ചെക്കന്റെ ഒരോ ആശകളെ,നേരോം കാലോം കളയാണ്ട് പഠിച്ച് എൻജിനീയറാകാൻ നോക്ക്"പിന്നെ ഈ വേണ്ടാതീനങ്ങളൊന്നും അച്ഛനറീണ്ട.കൺകോണിലേയ്ക്ക് ഇരച്ചെത്തിയ കണ്ണീർ പാതി മറച്ച കാഴ്ചയിലൂടെ കോട്ടും,സൂട്ടും,തൊപ്പിം അഴിച്ചുവച്ച അജയന്റെയുള്ളിലെ പൈലറ്റ് അച്ഛന്റെ എഴുത്തുമുറിയിലേയ്ക്ക് നോക്കി.മുറ്റത്തു പടർന്നു നിൽക്കുന്ന കിളിച്ചുണ്ടൻ മാവിന്റ കുളിർമ്മയിൽ ലയിച്ചിരുന്ന് രചനയുടെ ആത്മാവ് തേടുന്ന അച്ഛനെ ജനാലയിലൂടെ കണ്ടു. അച്ഛന്റെ നീലാകാശത്ത് ചോരച്ചെങ്കൊടികൾ മാത്രമേയുള്ളൂവെന്ന് അജയന് അമ്മ പകർന്നു തന്ന അമ്മിഞ്ഞപ്പാലിനൊപ്പം അറിവുള്ളതാണ്.

സ്മരണകളിരമ്പുന്ന നീലാകാശത്തേയ്ക്ക്,നിങ്ങളെന്നെ കമ്മ്യൂണിസ്റ്റാക്കിയതിലെ പരമുപിള്ള ഹൃദയരക്തം കൊണ്ട് ചുവന്ന രക്തപതാക ആദ്യം ഉയർത്തിയത് ഈ എഴുത്തുമുറിയിൽവച്ചാണെന്നും അജയനറിയാം.ഇനി ഈ അച്ഛനും അമ്മയും അജയനും ആരെന്നറിയേണ്ടേ.കമ്മ്യൂണിസവും കലയുടെ രസതന്ത്രവും ഒരുമിച്ചു ചേർത്ത നാടകലോകത്തെ എക്കാലത്തെയും വിസ്മയമായ തോപ്പിൽഭാസിയാണ് അച്ഛൻ.അമ്മ ഭാസിയുടെ സഹധർമ്മിണി അമ്മിണിയമ്മയും,മകൻ സിനിമാസംവിധായകനായ അജയനും.

അജയൻ പത്താംതരം കഴിഞ്ഞു.അതിനുംമുൻപേ മനസ്സിലെ പൈലറ്റ് എന്നന്നേയ്ക്കുമായി യാത്ര പറഞ്ഞിരുന്നു.പിന്നെ പ്രീഡിഗ്രി പഠനത്തിനായി തിരുവനന്തപുരം മാർ ഇവാനിയോസിലെത്തി.അപ്പോൾ പണ്ട് പൈലറ്റിരുന്ന സ്ഥാനത്തേയ്ക്ക് കസേര വലിച്ചിട്ടിരുന്നത് പ്രകൃതിയായിരുന്നു.രണ്ടാമത്തെ പ്രണയം.

മരങ്ങൾ,പുഴകൾ,മനുഷ്യർ,വിസ്മയക്കൂട്ടങ്ങൾ നിറഞ്ഞ ആകാശസന്ധ്യകൾ,നക്ഷത്രങ്ങൾ ഈ സൌന്ദര്യങ്ങളോടായി നിറഞ്ഞ പ്രണയം.മികച്ച ഫോട്ടോഗ്രാഫറാകാൻ വേണ്ടിയുള്ള കഠിനമായ ശ്രമം അതിനായി എടുത്തു കൂട്ടിയ ചിത്രങ്ങൾക്ക് കണക്കില്ല.വീട്ടിൽ കറണ്ടില്ലാത്തതിനാൽ ബാറ്ററി ഉപയോഗിച്ചു പോലും പ്രിന്റെടുത്തിരുന്നു.ഈ ശ്രമങ്ങൾക്ക് പഠനകാലത്ത് ഏറെ തുണയേകിയത് നടൻ ജഗതി ശ്രീകുമാറും ഗാനരചയിതാവ് ജയകുമാറുമായിരുന്നു.

ഫോട്ടോഗ്രാഫർ തിരുവനന്തപുരം വിട്ട് ആലപ്പുഴ എസ്.ഡി കോളേജിൽ ഡിഗ്രി പഠനത്തിനായെത്തി. നിശ്ചലചിത്രങ്ങളിൽ നിന്ന് മൂവി ക്യാമറയിലേയ്ക്ക് മനസ്സ് അപ്പോൾ പറന്നിരുന്നു.പിന്നെ സിനിമയുടെ ലോകത്തെക്കുറിച്ചായി ചിന്ത.അപ്പോഴേയ്ക്കും നാടകത്തോടൊപ്പം വെള്ളിത്തിരയിലേയ്ക്കുമെത്തിയ അച്ഛൻ മദ്രാസിലെ എഗ്മൂറിൽ താമസമാക്കിയിരുന്നു.ഡിഗ്രി പഠനത്തിന്റെ അവസാനാളുകളിൽ എം.ബി.ബി.എസ്.വിദ്യാർത്ഥിനിയായ മുറപ്പെണ്ണ് സുഷമകുമാരിയോട് അജയൻ മനസ്സ് തുറന്നു മൂന്നാമത്തെ.....

പിന്നെ അഡയാറിലെ ഫിലിം ഇൻസ്റ്റിറ്റ്യൂട്ടിലേയ്ക്ക് പോയി.തിരക്കഥ,സംവിധാനം പഠിക്കാൻ.ഉന്നതവിജയം നേടിയപ്പോൾ തോപ്പിൽഭാസി മകനെ ഭരതനെ ഏൽപ്പിച്ചു.അങ്ങനെ'പ്രയാണം'എന്ന ചിത്രത്തിൽ ഭരതന്റെ സഹായിയായി.അജയൻ സിനിമാലോകത്തിന്റെ ഹരിശ്രീ കുറിച്ചു.പിന്നെ ഗഗനചാരിയായ ഗന്ധർവ്വന്റെ കഥപറഞ്ഞ് മലയാളത്തെ മയക്കിയ പത്മരാജനോടൊപ്പം കൂടി.ഈ രണ്ടു സ്കൂളുകൾ നല്കിയ അറിവ് അജയനിലെ സംവിധായകനെ വാനോളം ഉയർത്തി.പിന്നത്തെ യാത്ര മലബാറിലേയ്ക്കായിരുന്നു.തിരക്കഥാരചനയിലെ കുലപതിയായ എം.ടിയെ കാണാൻ.ആവശ്യമൊന്നുമാത്രം.എം.ടിയുടെ'മാണിക്കക്കല്ല്'സിനിമയാക്കണം .എം.ടിയും അതിഷ്ടപ്പെട്ടു.പക്ഷേ,പ്രോജക്ട് നടന്നില്ല.വർഷങ്ങൾ കഴിഞ്ഞു

1972-ൽ സുഷമകുമാരിയുടെ കഴുത്തിൽ പ്രണയച്ചരട് കെട്ടിയ അജയന്റെ സ്വപ്നം'പെരുന്തച്ചൻ'സിനിമയാക്കണമെന്നായിരുന്നു.എം.ടിയും അജയനും നീണ്ടചർച്ചകളിലേയ്ക്ക്.ഒടുവിൽ പെരുന്തച്ചൻ അഭ്രപാളിയിലായി.1991-ൽ അവാർഡുകളുടെ പെരുമഴയേറ്റു വാങ്ങി പെരുന്തച്ചൻ കേരളത്തിൽ നിറഞ്ഞുനിന്നു.ഒറ്റ സിനിമ മാത്രം സംവിധാനം ചെയ്യുകയും അതിന് ദേശീയ-സംസ്ഥാന ബഹുമതികളും....ക്യാമറയ്ക്കും മുന്നിലും പിന്നിലും നിന്നവരെ കൂട്ടത്തോടെ തേടിയെത്തിയ അപൂർവ്വ അംഗീകാരവും പെരുന്തച്ചൻ എന്ന ചിത്രം നേടിയെടുത്തു.

പിന്നീട് ഒരു സിനിമ പോലും ചെയ്യുവാൻ സംവിധാനപ്രതിഭയായ അജയന് കഴിഞ്ഞില്ല.ചമയങ്ങളെല്ലാം അഴിച്ചുവച്ച് അരങ്ങിനു പിന്നിലേയ്ക്ക് പോയ അജയനെ മലയാള പ്രേക്ഷകരും മറന്നു.അജയനാവട്ടെ,ഡോക്ടറായ ഭാര്യയുടെ സ്ഥലംമാറ്റങ്ങൾക്കൊപ്പമുള്ള സഞ്ചാരത്തിലുമായി.ഒപ്പം മക്കളായ ലക്ഷ്മിയുടെയും,പാർവ്വതിയുടെയും പഠനക്കാര്യങ്ങൾ ശ്രദ്ധിക്കുന്ന ഒരച്ഛനായി സംവിധാനകലയിലെ പെരുന്തച്ചൻ ഒതുങ്ങിനിന്നു.

ഏറെ പ്രശസ്തിക്കുശേഷം അരങ്ങിനു പിന്നിലേയ്ക്ക് പോയ ആ നക്ഷത്രത്തെ തേടി ഇന്ത്യവിഷനിൽനിന്ന് ഞങ്ങളെത്തുമ്പോൾ വൈക്കത്തെ വാടകവീട്ടിൽ വായനയുടെ ലോകത്ത് അജയനുണ്ട്.മനസ്സാവട്ടെ ഇടയ്ക്കിടയ്ക്ക് വള്ളിക്കുന്നത്ത് പണിത്തീർന്നുകൊണ്ടിരിക്കുന്ന സ്വന്തം വീട്ടിലേയ്ക്കു പറത്തിവിട്ടുകൊണ്ട്.

പറയാൻ ബാക്കിവച്ചത് ചിത്രീകരിക്കുമ്പോൾ ഞങ്ങളറിഞ്ഞു.'ദേശീയ ബഹുമതി നേടിയ മകൻ അതിനുംമുകളിൽ നിൽക്കുന്ന ചിത്രമേ ചെയ്യാവൂ'എന്നു പറഞ്ഞ അച്ഛന്റെ ഉപദേശം അനുസരിച്ച പ്രതിഭയുടെ മഹാസങ്കടങ്ങൾ കേട്ടു.ചിത്രം ചെയ്യുവാൻ പ്രലോഭനങ്ങളുമായി വരുന്നവർ കാര്യത്തോടടുക്കുമ്പോൾ അകന്ന കഥകൾ,പിന്നെ പണമില്ലാതെ സിനിമയെടുക്കാൻ വന്നവരുടെ കഥകൾ.പക്ഷേ,ആ കൃത്രിമവഴികളിലൊന്നും സഞ്ചരിക്കാൻ,തട്ടിക്കൂട്ട് സിനിമ സൃഷ്ടിക്കാൻ തോപ്പിൽഭാസിയുടെ മകൻ അജയനറിഞ്ഞുകൂടെന്ന് വന്നവർക്കറിയില്ലല്ലോ.

ഒരു വ്യാഴവട്ടക്കാലത്തെ ദീർഘമായ ഇടവേളയ്ക്കു ശേഷം തന്റെ സങ്കല്പത്തിനിണങ്ങിയ തിരക്കഥയുമായിഅജയൻ കാത്തിരിക്കുന്നു.നല്ല ചിത്രം നിർമ്മിക്കുവാൻ തന്നെ തേടുന്നവരെ കാത്ത്.ചിത്രീകരണത്തിന്റെ അവസാനഷോട്ടിൽ നിന്ന് ക്യാമറ പിൻവാങ്ങുമ്പോൾ സംവിധായകൻ ജയേഷ് ഉള്ളിൽത്തട്ടി പറഞ്ഞു."പാവം പാവം നക്ഷത്രം"നാടക കലാകാരനും ക്യാമറമാനുമായ താഹ അതൊന്നുകൂടി ഉറപ്പിച്ചുപറഞ്ഞു."അതെ,കലയുടെ ഹൃദയരേഖയിലൂടെ സഞ്ചരിക്കുന്ന നക്ഷത്രങ്ങൾക്ക് ഇങ്ങനെയൊക്കെ ചിന്തിക്കാനേ പറ്റൂ."

പറയാൻ ബാക്കിവച്ചത്

സിനിമ എന്നത് ഒരു വലിയ
ക്യാൻവാസാണ്.അവിടെ ചുമ്മാ ഒരു
കഥപറയാൻ ഞാനില്ല.
അടുത്ത ലക്കത്തിൽ

5

ഭരതവാക്യമിന്നും ദീപ്തം മനോഹരം

കേരള ഗ്രന്ഥശാലാ സംഘoചരിത്രപഥങ്ങളി

അറിവുകൾ ശേഖരിച്ചു വയ്ക്കുക എന്ന മനുഷ്യന്റെ സവിശേഷ സിദ്ധിയിൽ നിന്ന് എഴുത്തും, ശേഖരിച്ചു വയ്ക്കപ്പെട്ട അറിവുകൾ ഉപയോഗിക്കുന്നതിലേക്കായി വായനയും അവന്റെ ശീലങ്ങളായി മാറി. ജീവിതാനുഭവങ്ങളിൽ നിന്നും ചിന്തകളിൽ നിന്നും വിടർന്നു വന്ന കാല്പനികതയുടെ ഉൾവിളികൾ അറിവ് ശേഖരണത്തിലുപരിയായി എഴുത്തിന്റെയും വായനയുടെയും മറ്റൊരു ലോകത്തേക്ക് മാനവരാശിയെ കൈ പിടിച്ചു നടത്തി. ഇരുട്ടിലാണ്ടു കിടന്ന സമൂഹങ്ങളിലേക്ക് അറിവിന്റെയും അനുഭൂതികളുടെയും വെളിച്ചം പടർന്നു കയറി.അറിവും ഭാവനയും പുസ്തകങ്ങളായി രൂപപ്പെട്ടു. കാലക്രമത്തിൽപുസ്തകങ്ങൾ ഗ്രന്ഥശാലകളിൽ സൂക്ഷിക്കപ്പെടാനും ഗ്രന്ഥശാലകൾ സാംസ്കാരിക പ്രക്രിയയിലെ ദീപസ്തംഭങ്ങളായി പരിഗണിക്കപ്പെടുകയും തുടങ്ങി. ഈ വികാസപരിണാമ കാലയളവിൽ ഇന്ന് എണ്ണായിരത്തിലധികം ഗ്രാമീണ ഗ്രന്ഥശാലകളുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ചു കൊണ്ട് പ്രവർത്തിക്കുന്ന കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന്റ വഴിത്താരയിലൂടെ ഒരു തിരിഞ്ഞുനോട്ടം നടത്തുകയാണ്.

ഗ്രന്ഥശാലകളെ പരിപോഷിപ്പിച്ചു കൊണ്ടായിരുന്നു. സമൂഹത്തിന്റെ നഭോമണ്ഡലത്തിൽ തിളങ്ങി നിന്ന നിരവധി നേതാക്കളും ഗ്രന്ഥശാലകളുടെ വളർച്ചയിൽ വലിയ സംഭാവന നൽകിയവരാണ്. . ആദ്യകാലങ്ങളിൽ ഗ്രന്ഥശാലകൾ രൂപീകരിച്ചപ്പോൾ യഥാസ്ഥിതികരുടെ ഭാഗത്തു നിന്നും വലിയ എതിർപ്പുകൾ നേരിടേണ്ടി വന്നു.

1829 ൽ ശ്രീചിത്തിരതിരുനാളിന്റെ കാലത്ത് രാജകുടുംബാംഗങ്ങൾക്ക് വേണ്ടിയാരംഭിച്ച ഗ്രന്ഥശാലയിൽ നിന്നുമാണ് കേരളത്തിലെ ഗ്രന്ഥശാലകളുടെ ചരിത്രം തുടങ്ങുന്നത്.ഈ ഗ്രന്ഥശാലയാണ് പിന്നീട് സ്റ്റേറ്റ് സെൻട്രൽ ലൈബ്രറിയായത്. തുടർന്ന് കോട്ടയത്തും എറണാകുളത്തും തൃശ്ശൂരിലും ഗ്രന്ഥശാലകൾ രൂപീകരിച്ചെങ്കിലും വായനയും അറിവുമെല്ലാം ജനകീയമാകുന്നത് നവോത്ഥാനത്തിന്റെയും ദേശീയ പ്രസ്ഥാനത്തിന്റെയും പരിണിത ഫലമായിട്ടാണ്. നവോത്ഥാന നായകരുടെ ഉദ്ബോധനങ്ങളുടെ വെളിച്ചത്തിൽ ഒട്ടനവധി ഗ്രന്ഥശാലകൾ സ്ഥാപിക്കപ്പെട്ടു. 1937ൽ, മലബാറിൽ കെ. കേളപ്പന്റെ നേതൃത്വത്തിൽ ഒരു വായനശാലാ സമ്മേളനം നടന്നു.കെ.ദാമോദരൻ കാര്യദർശിയായി മലബാർ വായനശാലാ സംഘം ഈ സമ്മേളനത്തിൽ രൂപീകരിക്കപ്പെട്ടു. കൊച്ചിയിൽ സമസ്ത കേരള പുസ് തകാലയ സമിതി എന്ന പേരിൽ ഗ്രന്ഥശാലകളുടെ ഒരു കൂട്ടായ്മ രൂപം കൊണ്ടു. ഗ്രന്ഥവിഹാരം എന്ന ത്രൈമാസിക അതിന്റെ മുഖപത്രമായി പ്രസിദ്ധീകരിക്കപ്പെട്ടു. തിരുവിതാംകൂറിൽ ഇത്തരമൊരു നീക്കമുണ്ടാകുന്നത് 1945 ലാണ്.സെപ്തംറ്റംബർ 14 ന് അമ്പലപ്പുഴ പി കെ മെമ്മോറിയൽ ഗ്രന്ഥശാലയിൽ വച്ച 47 ഗ്രന്ഥശാലകളെ ഏകോപിപ്പിച്ചു കൊണ്ട് അഖില തിരുവിതാംകൂർ ഗ്രാഥശാലാ സമ്മേളനം നടന്നു. സർ സി.പി രാമസ്വാമി അയ്യരായിരുന്നു ഉദ്ഘാടകൻ. നൂറിലധികം ഗ്രന്ഥശാലകൾ ഈ മേഖലയിൽ പ്രവർത്തിച്ചിരുന്നെങ്കിലും ദിവാനോടുള്ള എതിർപ്പ് മൂലം നിരവധി ഗ്രന്ഥശാലകളുടെ പ്രതിനിധികൾ യോഗത്തിൽ നിന്നും വിട്ടുനിന്നു. എങ്കിലും, ഈ സമ്മേളനത്തിലൂടെ നേതൃനിരയിലേക്ക് വന്ന പി-എൻ പണിക്കർ എന്ന കർമ്മയോഗിയാണ് കേരള ഗ്രന്ഥശാലാ സംഘത്തിന്റെ രൂപീകരണത്തിന് മുഖ്യകാർമ്മികത്വം വഹിച്ചത്. അഖില തിരുവിതാംകൂർ ഗ്രന്ഥശാല സംഘമാണ് പിന്നീട് കേരള ഗ്രന്ഥശാലാ സംഘമായി മാറിയത്. 1948 ൽ കേരള ഗ്രന്ഥശാലാ സംഘത്തിന് സർക്കാർ അംഗീകാരം ലഭിക്കുകയും ഗ്രന്ഥശാല സംഘത്തിന്റെ മുഖപത്രമായ ഗ്രന്ഥാലോകം മാസികയുടെ പ്രസിദ്ധീകരണം ആരംഭിക്കുകയും ചെയ്തു.സ്വാതന്ത്ര്യാനന്തരം ആയിരത്തിലധികം ഗ്രന്ഥശാലകൾ കേരളത്തിലുണ്ടായിരുന്നു. ഗ്രന്ഥശാലാ സംഘത്തിന്റെ രൂപീകരണത്തോടുകൂടിയാണ് ചിതറിക്കിടന്നിരുന്ന ഗ്രന്ഥശാലകൾക്ക് സംഘടിത രൂപമുണ്ടാകുന്നത്.പി എൻ പണിക്കർ എന്ന മഹാനുഭാവന്റെ ത്യാഗനിർഭരമായ പ്രവർത്തനങ്ങൾ അതിനു പിന്നിലുണ്ടായിരുന്നു.

1950 ൽ തിരുവിതാംകൂറിലെയും കൊച്ചിയിലെയും ഗ്രന്ഥശാലാ സംഘങ്ങൾ ലയിച്ച് തിരുകൊച്ചി ഗ്രന്ഥശാലാ സംഘം രൂപം കൊണ്ടു.തുടർന്ന് കേരള സംസ്ഥാന രൂപീകരണത്തോടെ തിരു-കൊച്ചി ഗ്രന്ഥശാലാ സംഘം കേരള ഗ്രന്ഥശാല സംഘമായി മാറി.1977 ൽ കേരള ഗ്രന്ഥശാലാ സംഘം സർക്കാർ ഏറ്റെടുത്തു.1989 ൽ കേരള പബ്ലിക് ലൈബ്രറീസ് ആക്ട് നിലവിൽ വന്നു.1991 ൽ കേരള ഗ്രന്ഥശാലാ സം ഘം കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ എന്ന് പുനർനാമകരണം ചെയ്യപ്പെട്ടു. മികച്ച പ്രവർത്തനങ്ങൾക്കുള്ള അംഗീകാരമായി യുനസ്കോയുടെ ക്രൂപ്സ്കായ അവാർസും ലൈബ്രറി കൗൺസിലിനെ തേടിയെത്തി.

പുരോഗമന പ്രസ്ഥാനങ്ങളുടെ വളർച്ചയും വികാസവും ഗ്രന്ഥശാലകളെ പരിപോഷിപ്പിച്ചു കൊണ്ടായിരുന്നു. മലയാളിയുടെ സാംസ്കാരിക പരിസരം വേറിട്ടതാക്കിയിതിന് പിന്നിൽ വായനയും ഗ്രന്ഥശാലകളും ഗ്രന്ഥശാലാ പ്രസ്ഥാനവും വഹിച്ച പങ്ക് വളരെ വലുതാണ്.

---------- Forwarded message ---------
From: ajaya kumar <ajayakumarmn18@gmail.com>
Date: Sun, 8 Aug 2021, 6:47 a.m.
Subject: From Ajayan Nellickal
To: <ajeshpbaby@gmail.com>

Show quoted text

കഴിഞ്ഞ ലക്കം തുടർച്ച

കേരളത്തിൽ അടിച്ചമർത്തപ്പെട്ട ജനസമൂഹത്തിൽ നിന്ന് ഉയർന്നുവന്ന നവോത്ഥാന നായകനും വിപ്ലവകാരിയുമായിരുന്നു മുത്തുക്കുട്ടിയെന്ന വൈകുണ്ഠസ്വാമികൾ.സമൂഹത്തിൽ ഏറ്റവും അടിത്തട്ടിൽ കഴിഞ്ഞിരുന്ന 17ജാതികളെ ഒരുമിച്ചു ചേർത്ത് 1837-ൽ അദ്ദേഹം''സമത്വ സമാജം''എന്ന സംഘടന സ്ഥാപിച്ചു.ഈ സംഘടനയിലൂടെ കീഴാള ജനതയുടെ ഉന്നമനമായിരുന്നു ലക്ഷ്യം വച്ചത്.''ഒരു ജാതി,ഒരുമതം,ഒരുദൈവം,ഒരുഭാഷ,ഒരുദേശം,ഒരുകുലം,ഒരുലോകം''എന്ന സ്വാമികളുടെ വചനം സമത്വാധിഷ്ഠിതമായ ഒരു ഏക ലോകം വിഭാവനം ചെയ്യുന്നു.സ്വന്തം വീട്ടുവളപ്പിൽ ഒരു കിണർ കുഴിച്ച് എല്ലാ ജാതിമതസ്ഥർക്കും ഉപയോഗിക്കാൻ അവകാശം നല്കി.കണ്ണാടി പ്രതിഷ്ഠ നടത്തികൊണ്ട് അവർണ്ണരുടെ ആത്മാഭിമാനമുയർത്താൻ ശ്രമിച്ചു.സാക്ഷരകേന്ദ്രങ്ങളായി നിശാപാഠശാലകൾ സ്ഥാപിക്കുകയും ചെയ്തു.എന്നാൽ സവർണ്ണ മേധാവിത്വം അദ്ദേഹത്തിന്റെ പേര് ചരിത്രത്തിൽ നിന്നുതന്നെ നീക്കം ചെയ്തു.

അവർണ്ണക്കു വേണ്ടി പള്ളിക്കൂടങ്ങൾ പണിയുകയും വായനശാലയും കളരിയും തുടങ്ങുക മാത്രമല്ല അന്നുവരെ ബ്രാഹ്മണർക്കു മാത്രം പ്രവേശനമുണ്ടായിരുന്ന കളിയോഗം സ്ഥാപിക്കുകയും ചെയ്ത മഹാനായ നവോത്ഥാന നായകനായിരുന്നു' ആറാട്ടുപുഴ വേലായുധപണിക്കർ'.1852-ൽ തന്റെ തറവാട്ടുവളപ്പിലെ ക്ഷേത്രത്തിൽ അദ്ദേഹം കണ്ണാടി പ്രതിഷ്ഠ നടത്തി.ഈഴവ സ്ത്രീകളടക്കമുള്ള സ്ത്രീകൾക്ക് അച്ചിപ്പുടവയും മേൽമുണ്ടും ധരിക്കുന്നതിനുള്ള അവകാശത്തിനായി പോരാടുകയും വിജയിക്കുകയും ചെയ്തു.അവർണ്ണ സ്തീകൾ മൂക്കുത്തി ധരിച്ചതിനെ സവർണ്ണ പ്രമാണിമാർ എതിർത്തപ്പോൾ ആയിരം മൂക്കുത്തികൾ വാങ്ങി അവർണ്ണ സ്ത്രീകൾക്കു നല്കി അദ്ദേഹം പ്രതിരോധം തീർത്തു.കീഴാള ജനതയുടെ സംഘബോധവും ആത്മാഭിമാനവും വളർത്തുന്നതിൽ അദ്ദേഹം വഹിച്ച പങ്ക് നിസ്സീമമാണ്.1865-ൽ പിന്നോക്ക ജാതിക്കാർക്ക് മേൽവസ്ത്രം ധരിക്കാനുള്ള അവകാശം നല്കികൊണ്ട് മഹാരാജാവിന്റെ വിളംബരം പുറത്തുവരാൻ ആറാട്ടുപുഴ വേലായുധപണിക്കർ വഹിച്ച പങ്ക് ചെറുതല്ല.

ജാതി ഹിന്ദുക്കളുടെ അടിമത്വത്തിൽ നിന്നും പീഢനങ്ങളിൽ നിന്നും അവർണ്ണ ജനതയെ മോചിപ്പിക്കുന്നതിനപ്പുറം അവർക്ക് ഭൌതികവും ആത്മീയവും സാംസ്ക്കാരികവുമായ അവബോധം പകർന്നു നല്കാൻ തൈക്കാട്ട് അയ്യാസ്വാമികൾ വഹിച്ച പങ്ക് സ്മരണീയമാണ്.''ഇന്ത ഉലഹത്തിലെ ഒരു ജാതിതാൻ ഒരേ ഒരു മതംതാൻ,ഒരേ ഒരു കടവുൾതാൻ''എന്നു പ്രഖ്യാപിച്ച അദ്ദേഹം 1 881മുതൽ എല്ലാവർഷവും തന്റെ വസതിയിൽ സമപന്തിഭോജനം നടത്തി വന്നിരുന്നു.ഇത് ഇഷ്ടപ്പെടാത്ത സവർണ്ണ മേധാവികൾ അദ്ദേഹത്തെ 'പാണ്ടിപറയൻ'എന്നു വിളിച്ച് അധിക്ഷേപിച്ചു.മതേതര ജനാധിപത്യ ബോധം ജനമനസ്സുകളിൽ രൂപപ്പെടുന്നതിന് സമപന്തിഭോജനം പോലുള്ള നടപടികൾ സഹായിച്ചു.ചട്ടമ്പിസ്വാമികൾ,ശ്രീനാരായണഗുരു,ഡോ:പൽപ്പു,കുമാരനാശാൻ ,അയ്യൻകാളി,സഹോദരൻ അയ്യപ്പൻ തുടങ്ങിയ പ്രമുഖർ ഈ പന്തിഭോജനത്തിൽ പങ്കെടുത്തിരുന്നു.

സാമൂഹ്യ ജീവിത്തിലെ ഉച്ചനീചത്വങ്ങൾക്കും,വിവേചനങ്ങൾക്കും കാരണക്കാർ ബ്രാഹ്മണ പൌരോഹിത്യം അടിസ്ഥാനമാക്കിയുള്ള സാമൂഹ്യ വ്യവസ്ഥിതിയാണെന്നും ഇതവസാനിപ്പിച്ചാൽ മാത്രമേ ജാതിവ്യവസ്ഥയെ തച്ചുതകർക്കാൻ കഴിയുകയുള്ളൂവെന്നുമുള്ള ചട്ടമ്പിസ്വാമികളുടെ ചിന്താധാരകൾ സമൂഹത്തിൽ വിമർശനങ്ങളുയത്തി.പ്രാചീന മലയാളം,വേദാധികാര നിരൂപണം തുടങ്ങിയ അദ്ദേഹത്തിന്റെ രചനകൾ ആശയ ലോകത്ത് ബ്രാഹ്മണാധിപത്യത്തിനെതിരെ വെല്ലുവിളികളുയർത്തി.അയ്യങ്കാളിയുടെ വില്ലുവണ്ടിയാത്രയും അവർണ്ണ വിദ്യാഭ്യാസത്തിനും,കൂലികൂടുതലിനു വേണ്ടിയുള്ള കർഷകസമരവും,ചരിത്ര പ്രധാനമാനമായ പ്രതിരോധ സമരങ്ങളും,കെ.പി.വള്ളോൻ,പൊയ്കയിൽ അപ്പച്ചൻ,കെ.പി.കറുപ്പൻ തുടങ്ങിയവരുടെ സാഹസിക പ്രവർത്തനങ്ങളും ആധുനിക ജനാധിപത്യത്തിന്റെ പിറവിയ്ക്ക് വഴി തെളിച്ചു.

തുടരും

മനസ്സ്



ഒഴുകുപാറ സത്യൻ

നീയും ഞാനും
മനസുകളുടെ
പോസ്റ്റ്മോർട്ടം നടത്തരുത്.
നടന്നാൽ
അനിഷ്ട്ടകരമായ
പലതും അതിലുണ്ടാകും.

കത്താൻ പാകത്തിൽ
പ്രശ്നങ്ങൾ
പുകഞ്ഞുകൊണ്ടിരിക്കും.
വെറുപ്പുകൾ
വെളിച്ചപ്പാടുകളാകും.
സന്ധി ചെയ്യാൻ കഴിയാത്ത
പൂതലിച്ച ചിന്തകളുണ്ടാകും.
കിളച്ച് മറിച്ചിട്ടിരിക്കുന്ന
രഹസ്യവേഴ്ചകളുണ്ടായിരി
ക്കും.

നിറമുള്ള നുണകൾ
ദഹിക്കാതെ കിടക്കും.
ജീവിക്കുന്ന തെറിവാക്കുകൾ
വിചാരപ്പെട്ട് കിടക്കും
സ്വപ്നങ്ങളിൽ
ഇഷ്ട്ടപ്രണയിനികൾ
ഇറങ്ങിവരും.
സൗഹൃദം

പായൽ മൂടിയ കുളത്തിൽ
അനാഥ ശവമായൊഴുകും.
പ്രാവുകൾ അടയിരിക്കുന്ന
കൂടെന്ന കാഴ്ചയോടെ
നാനാർത്ഥങ്ങൾ ചികയാതെ
ഒറ്റപ്പദമാക്കി
നമ്മുടെ മനസുകളെ
കുഴിമാടം വരെ നടത്തിക്കാം.

----------+

ഒഴുകുപാറ സത്യൻ
കൂനംകുളം ലെയിൻ
മുറിഞ്ഞപാലം
മെഡിക്കൽ കോളേജ്. പി. ഒ.
തിരുവനന്തപുരം --11



ചീർത്ത ചാലായി
ഇനിയൊഴുകുന്നതെന്റെ
പ്രാണനായിമാത്രം.
പിടിവിടുന്ന വാക്കും
വികാരവുമടക്കാം
മനസ്സിനെയൊരുപരലാ
യൊളിക്കാം
അരികുകളിൽ
നേർത്തരാഗം
മൂളാതിരിക്കാം
സ്നിഗ്ദ്ധമായതൊക്കെ
യും കതിര -
വനിലെരിക്കാം

ആകാശമേഘങ്ങളെ
ഉപാസിച്ചിരിക്കാം
അവകനിഞ്ഞമൃതം
തൂകുന്നനാളെൻവരിക
ൾക്കു ചിലങ്കകെട്ടാം
പലകൂത്തരങ്ങുകളിലേ
ക്കു - മിറക്കിനിർത്താം
നിയതതാളങ്ങളിൽ
തുള്ളിക്കാം
ചുവടുകളിൽ നവഭാവന
മെതിക്കാം
സൗന്ദര്യരേണുക്കൾ
പൊഴിക്കാം.

പടരുന്നുനേർത്തതായി
പാറകളിലൂർന്നിറങ്ങി.
പതിക്കുന്നുകുഴികളിൽ
അപ്രതീക്ഷിതവാരികളിൽ
ഒട്ടുംതുളുമ്പാതെ
മണ്ണിന്റെയധരം
കുടിക്കുന്നിവിടെ
പൂർണ്ണവിരാമം

പുഴകടക്കാൻ
വരുന്നോരുടെ
കാലിൽ പുതയുന്ന
ചെളിവെള്ളമായി
വെറുപ്പിന്റെ ഉമ്മിനീർ
വർഷങ്ങളിൽ
തിടംവച്ചു

മദനന്റെയമ്പായിചലി
ക്കാം അതിനിടയിൽ
കടലടുക്കുമ്പോൾ
കാലത്തിൻ
കൈയുകൾകോർക്കാം
ഒരു പുഴയുടെ
വികൃതികളിൽ
മണ്ണുതരിച്ചുകിടക്കവേ
ഹംസങ്ങൾ
പറന്നിറങ്ങുമൊരാ
കാശഗംഗകൊതിക്കാം.

പതച്ചുപൊന്തിമറ്റൊരിടത്ത്
പുഴപുതിയതായൊഴുകും
പണ്ടൊഴുകിയവഴികൾ
തിരഞ്ഞലഞ്ഞീടവേ
കറുത്തമണ്ണുമാന്തിയെൻ
മാറാപ്പുതിരിച്ചെടുത്തു.
ജീവിതം പൂത്തപൂങ്കാവുതേടി
അന്ത്യമില്ലാത്ത
ചുടലക്കളങ്ങൾ
മൂടികടന്നൊഴുകിതളരവെ
ഉറവ തേടുന്നുസ്മൃതികളിൽ
വറ്റിവരളാതിരിക്കാനായി
കൈനീട്ടിയൊരുതുള്ളിവാ
ങ്ങു
വാനാരുമില്ലെന്നോരങ്ങളിൽ
എന്റെ
ഹൃദയത്തിലേക്കുമധുരമായി
മിണ്ടിപായുന്ന വേരുകളില്ല
ഉടലിലാണ്ടൊഴുകുവാൻ
പൂക്കളില്ലയിലകളില്ല
പ്രണയത്തണുവിന്റെ കുളി
രോളങ്ങളില്ല പുളകമായ്
പണ്ടേ
മനസ്സിലുമതുറഞ്ഞിരിക്കാം
പൊള്ളിനീറിക്കുമടിത്തട്ടുക
ളെ ഭയന്നു;വൃത്തങ്ങളില്ലാത
ലങ്കാരങ്ങളില്ലാതെ
വിധിയുടെ കൈയെഴുത്തു
പ്രതികളെൻവരികളോരോന്നും
പാഴ്കിനാവുകളെന്റെ കണ്ണുനീരും
കുടിച്ചുവറ്റിച്ചു. പ്രതീക്ഷകളുടെ
ചിരിതാളം കവർന്ന പിളർപ്പുകൾ
കരളിലെ കനത്തചുഴികൾ
കാട്ടുതീയുടെ രാഗമായ്
ഇടമുറിയുന്നെന്റെ വരികൾ
മഷിയുണങ്ങുന്ന സിരകളിൽ
എന്നുയിരിന്നുടലായിസാഗരം
വേലിയേറ്റമായ്ക്കടർന്നലിയട്ടെ
ഇനിയീപുഴയിലക്ഷരങ്ങളില്ല -
സ്പന്ദനങ്ങൾ കെട്ടണയുന്ന
ഹൃദയത്തീന്നൊഴുക്കില്ല
ശാന്തമാണല്ലാം ശാന്തം.
ഈ പുഴയൊരു ദുഃഖനിശീതമായ്
നീരസനിലോല്പലങ്ങൾക്കു
നീരുനൽകിയാരുമറിയാത ന്ത്യമാം
കടൽതേടിയൊഴുകുന്നു.

നക്ഷത്രം ഹൃദയത്തോട് പറഞ്ഞത്

ടെലിഫിലിം തിരക്കഥ

അജയൻ കുറ്റിക്കാട്ട്
9447672457

സീൻ-11. സായാഹ്നം

അലമാരകളുള്ള ഇരുണ്ടമുറി

പുസ്തകം
എൽസ

എൽസ പുസ്തകത്തിന്റെ ഒരു താൾ കൂടി മറിക്കുന്നു.അതിൽ ജനക്കൂട്ടത്തോട് നിക്കോളാവാസ് പ്രഭാഷണം നടത്തുന്ന ചിത്രമാണുള്ളത്.ചിത്രം പുസ്തകത്താളിൽ നിന്ന് പറന്ന് സ്ക്രീനിൽ നിറയുന്നു.ചലിക്കുന്നു.

cut

സീൻ-12 പകൽ

പാറക്കൂട്ടങ്ങൾ നറഞ്ഞ സ്ഥലം

സെന്റ് നിക്കോളാവാസ്
ശ്രോതാക്കൾ
കുട്ടികൾ

പാറക്കൂട്ടങ്ങൾക്ക് മുകളിലും,താഴെപുൽപ്പരപ്പിലും ഇരിക്കുന്ന സ്ത്രീ,പുരുഷശ്രോതാക്കൾ അവരെ നോക്കി ഉയർന്ന ഒരു പാറയുടെ മുകളിൽ നിൽക്കുന്ന

സെന്റ് നിക്കോളാവാസ്- ഞാൻ ദൈവപുത്രന്റെറ വചനങ്ങളിലൂടെ നിങ്ങളിലേക്ക് വരുന്നു.

സെന്റ് നിക്കോളാവാസ്- എന്റെ ദൈവപുത്രനാൽ അനുഗ്രഹിക്കപ്പെട്ടവരെ വരുവിൻ,ലോക സ്ഥാപനം മുതൽ നിങ്ങൾക്കായി ഒരുക്കിയിരിക്കുന്ന രാജ്യം അവകാശമാക്കിക്കൊൾവിൻ

ജനക്കൂട്ടത്തിന്റെ ആകാംക്ഷ നിറഞ്ഞ മുഖങ്ങൾ,ചിലർ കൈകളുയർത്തി പ്രാർത്ഥനാപൂർവ്വം മിഴികളടക്കുന്നു.

സെന്റ് നിക്കോളാവാസ്- അവൻ ദൈവപുത്രൻ സ്നേഹമാണ്,കാരുണ്യമാണ് അവനെ അറിയുക.ജീവിതത്തിൽ പകർത്തുക തിരുപ്പിറവിയുടെ മഹത്വം വാഴ്ത്തുക

ജനക്കൂട്ടത്തിന്റെ പ്രതികരണം ഒരാൾ അടുത്തിരിക്കുന്നയാളിനോട്- ബിഷപ്പ് നിക്കോളാവാസിന്റെ പ്രഭാഷണം എത്ര മഹത്തരം

കേട്ടയാൾ- തീർച്ചയായും ദൈവപുത്രന്റ ജീവിതലക്ഷ്യം നമ്മെ പഠിപ്പിക്കുന്ന ഈ നൻമനിറഞ്ഞവൻ ദിവ്യപുരുഷൻ തന്നെ

സെന്റ് നിക്കോളാവാസ്- സർവ്വ ജനത്തിനും ഉണ്ടാവാൻ ഉള്ളൊരു മഹാസന്ദേശം ഞാൻ നിങ്ങളോട് അറിയിക്കുന്നു.കർത്താവായ ക്രിസ്തു എന്ന രക്ഷിതാവ് ഇന്ന് ദാവീദിന്റെ പട്ടണത്തിൽ നിങ്ങൾക്കായി ജനിച്ചിരിക്കുന്നു.

ചെറുചിരിയോടെ- ജോസഫിന്റെയും മറിയയുടെയും മകനായി ഒരിടയനെപ്പോലെ പുൽക്കൂട്ടിലാണ് അവൻ പിറന്നത്

മിഴികളടച്ച് ഒരാരവം പോലാം ജനക്കൂട്ടം- അവനുസ്തുതി,സ്തുതി

സെന്റ് നിക്കോളാവാസ്- അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വം.ഭൂമിയിൽ ദൈവപ്രസാദമുള്ള മനുഷ്യർക്ക് സമാധാനം

സെന്റ് നിക്കോളാവാസിന്റെ ചിരി പടർന്ന മുഖം

സീൻ-13.സായാഹ്നം
ഇരുണ്ടമുറി

എൽസ പിന്നെയും താൾമറിക്കുവാൻ നോക്കുന്നു.അത്ഭുതം പുസ്തകത്തിൽ താളില്ല.അവൾ പുസ്തകം തിരിച്ചും മറിച്ചും നോക്കുന്നു പേജില്ല.

എൽസ-

അവൾ തിരിഞ്ഞ് പിന്നിലേക്ക് നോക്കി-

അവിടെ സാന്താക്ലോസില്ല അവൾ വാതിലിനടുത്തേക്ക് ഓടി.ചുറ്റും നോക്കുന്നു.ഇരുൾ പരക്കുന്ന ഗോവേണിയുടെ പരിസരം

ഉറക്കെ എൽസ-

നേരിയ പ്രതിദ്ധ്വനി മാത്രം കേൾക്കാം തിടുക്കത്തിൽ ഗോവണിയിറങ്ങുന്ന എൽസ ഇരുൾപരന്ന ഇടനാഴിയിലൂടെ നേരിയഭയത്തോടെ ഓടുന്നതിനിടയിൽ ചുറ്റും നോക്കി

എൽസ-

പ്രതിദ്ധ്വനി മാത്രം.അവൾ വീടിന്റെ മുറ്റത്തെത്തുന്നു.വരാന്തയ്ക്കു താഴെ കിടക്കുന്ന ചെരുപ്പുകൾ കൂട്ടത്തിൽ രണ്ട് ചെറിയ ഷൂസുകൾ അവളുടെ തിളങ്ങുന്ന നോട്ടം അതിലേക്ക്.അതിന്റെകത്ത് രണ്ട് സ്വർണ്ണനാണയം.എൽസയുടെ ചുണ്ടിൽ ചിരി.പടികയറി വരാന്തയിൽ നിന്ന് വെളിയിലേക്ക് നോക്കുന്ന എൽസ.

സീൻ-14.രാത്രി
എൽസയുടെ വീട്

വരാന്തയിൽ നിന്ന് ദൂരെയ്ക്ക് നോക്കുന്ന എൽസ.ദൂരെ കരോൾ.സംഘത്തിലെ സാന്താക്ലോസിന്റെ കൂർത്തതൊപ്പിയും ഇളകിയാടുന്ന ബലൂണും അതിനുമീതെ വീശുന്ന കൈകളും കാണാം.എൽസയും കൈവീശുന്നു അകന്നുപോകുന്ന കരോൾസംഘം നേരത്തെ പാടിയ ജിംഗിളിന്റെ നേർത്ത സ്വരം കേൾക്കാം.

എൽസ

അപ്പോ നിക്കോളാവാസ് അപ്പൂപ്പൻ ദൈവപുത്രന്റെ മഹത്വവുമായി ദേശങ്ങൾ തോറുമലയുന്ന ദിവ്യപുരുഷനാണല്ലെ.സമ്മാനപ്പൊതികളുമായി ക്രിസ്മസിനെത്തുന്ന അപ്പൂപ്പൻ സർക്കസ്സ് കോമാളിയല്ല.

അപ്പൂപ്പാ.....

അപ്പൂപ്പാ.....

അപ്പൂപ്പാ.....അപ്പൂപ്പാ.....

cut

സാന്താക്ലോസ്
എൽസ

അവസാനിച്ചു.

കഥയുടെ ആധികാരിക ഗ്രന്ഥങ്ങൾ
1.കാത്തലിക് എൻസൈക്ലോപീഡിയ
2.ബ്രിട്ടാനിക
3.പഴയനിയമം